"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10-ൽ സർവ്വേ 1/1 ൽ പെട്ട 08.09 ആർ സർക്കാർ പുറമ്പോക്കായ പുതുവൈപ്പ് വില്ലേജിലെ ലൈറ്റ്ഹൗസിനോട് ചേർന്നുള്ള തീരഭൂമി, കേരളതീര നിരീക്ഷണത്തിനായി റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി ഇന്ത്യൻ കോസ്റ്റ് ഗാർഡിന് 30 വർഷത്തേയ്ക്ക് സൗജന്യ നിരക്കിൽ (ആർ ഒന്നിന് 100/- രൂപ) പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.24/2026/RD തീയതി, തിരുവനന്തപുരം, 18-01-2026

---

പരാമർശം:-

1. ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഡിസ്ട്രിക്റ്റ് കമാൻഡർ, ഫോർട്ട് കൊച്ചി 12.08.2024 ൽ സമർപ്പിച്ച CG/ROS(K)/007A നമ്പർ അപേക്ഷ.
2. എറണാകുളം ജില്ലാ കളക്ടറുടെ 20.02.2025 ലെ DCEKM/7029/2024-L7 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.05.2025 ലെ LR/2062/2025-LR(K2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10ൽ സർവ്വേ 1/1 ൽ പെട്ട 08.09 ആർ സർക്കാർ പുറമ്പോക്കായ പുതുവൈപ്പ് വില്ലേജിലെ ലൈറ്റ്ഹൗസിനോട് ചേർന്നുള്ള തീരഭൂമി കേരളതീര നിരീക്ഷണത്തിനായി റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കോസ്റ്റ് ഗാർഡ് പേരിൽ അനുവദിച്ച നൽകുന്നതിന് ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഡിസ്ട്രിക്റ്റ് കമാൻഡർ, ഫോർട്ട് കൊച്ചി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയുണ്ടായി.

2. ജില്ലാ കളക്ടറുടെ പരാമർശം (2) റിപ്പോർട്ട് പ്രകാരം, പ്രസ്തുത സ്ഥലം പുതുവൈപ്പ് ജംഗ്ഷനിൽ നിന്നും ഉദ്ദേശം ഒന്നര കിലോമീറ്റർ പടിഞ്ഞാറ് മാറി തെക്ക് വടക്കായി സ്ഥിതി ചെയ്യുന്ന റോഡിന് പടിഞ്ഞാറ് ഭാഗത്തായും, പുതുവൈപ്പ് വില്ലേജിൽ സ്ഥിതി ചെയ്യുന്ന ലൈറ്റ്ഹൗസിൽ നിന്നും ഏകദേശം 50 മീറ്റർ വടക്ക് മാറിയും സ്ഥിതി ചെയ്യുന്നു. ഇതിൽ ചമയങ്ങളൊന്നുമില്ല. ടി വസ്തുവിന്റെ അതിരുകളിലായി കിഴക്ക് പഞ്ചായത്ത്

റോഡ്, വടക്ക് റീസർവ്വേ 1/1ൽ പ്പെട്ട സർക്കാർ പുറമ്പോക്ക്, പടിഞ്ഞാറ് കൊച്ചി തുറമുഖ ട്രസ്റ്റ് വക സെസ്സ് റോഡ്, തെക്ക് സിവിൽ സപ്ലൈസ് വകുപ്പിന് അനുവദിച്ച 20.24 ആർ വസ്തുവാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ പരാമർശം (3) റിപ്പോർട്ട് പ്രകാരം, വസ്തുവിന്റെ ന്യായവില ആർ ഒന്നിന് 7,92,000/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം രൂപ മാത്രം) രൂപ നിരക്കിൽ 08.09 ആർ ഭൂമിക്ക് ആകെ ന്യായവില 64,07,280/- (അറുപത്തി നാല് ലക്ഷത്തി ഏഴായിരത്തി ഇരുനൂറ്റി എൺപത് രൂപാ മാത്രം) കണക്കാക്കാവുന്നതാണ്. അപേക്ഷാ ഭൂമി നെൽവയൽ തണ്ണീർ തടങ്ങൾ, ജലസ്രോതസ്സുകൾ, തീരങ്ങൾ, സംരക്ഷിത സ്മാരകങ്ങൾ, വികസന സോണുകൾ, പാരിസ്ഥിതിക ദുർബ്ബല/സംവേദക മേഖലകൾ, വനങ്ങൾ, പാറ ധാതു ഖനനത്തിനു പാട്ടത്തിനു നൽകിയതുമൂലം ഗർത്തങ്ങളും, വെള്ളക്കെട്ടുകളും, രൂപപ്പെട്ടിട്ടുള്ള ഭൂമി എന്നിവയിൽ ഉൾപ്പെട്ടു വരുന്നില്ല, എന്നാൽ പ്രസ്തുത ഭൂമി CRZ-II കാറ്റഗറിയിൽ ഉൾപെടുന്നു. കമ്പോളവില ഈടാക്കാതെ കേന്ദ്രസർക്കാരിന് ഭൂമി കൈമാറുമ്പോൾ, ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി കമ്പോളവില ഈടാക്കാതെ ഉപയോഗാനുമതി മാത്രം നൽകാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10ൽ സർവ്വേ 1/1 ൽ പെട്ട 08.09 ആർ സർക്കാർ പുറമ്പോക്കായ പുതുവൈപ്പ് വില്ലേജിലെ ലൈറ്റ്ഹൗസിനോട് ചേർന്നുള്ള തീരഭൂമി, കേരളതീര നിരീക്ഷണത്തിനായി റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇന്ത്യൻ കോസ്റ്റ് ഗാർഡിന് 30 വർഷത്തേയ്ക്ക് സൗജന്യ നിരക്കായ ആർ ഒന്നിന് 100/- രൂപ വാർഷിക പാട്ട നിരക്കിൽ ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന്/ തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

vii) ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

viii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix) നിർമ്മാണ പ്രവർത്തികൾ CRZ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.

x) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

5.ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. District Commander, Headquarters No.4 Coast Guard District (Kerala & Mahe), Kalvathy Road, Kochi-682001
5. ധനകാര്യ (EXP-D) വകുപ്പ് (Ref. No.E-3223762/Exp.D3/143/2025-FIN. Dated 07/10/2025).
6. പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം.3480. തീയതി 24/12/2025).
7. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ (എ3/59/2025/റവ)

ഉത്തരവിൻ പ്രകാരം,

Signed by
Prathapachandran S
Date: 20-01-2026 11:23:20

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-12-2025

ഫയൽ നം. എ3/59/2025/റവ. ഇനം നം: 3480

വിഷയം : റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10-ൽ സർവ്വേ 1/1-ൽപെട്ട 08.09 ആർ സർക്കാർ പുറമ്പോക്കായ പുതുവൈപ്പ് വില്ലേജിലെ ലൈറ്റ്ഹൗസിനോട് ചേർന്നുള്ള തീരഭൂമി, കേരളതീര നിരീക്ഷണത്തിനായി റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഇന്ത്യൻ കോസ്റ്റ് ഗാർഡിന് 30 വർഷത്തേയ്ക്ക് സൗജന്യ നിരക്കിൽ (ആർ ഒന്നിന് 100/- രൂപ) പാട്ടത്തിന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3480

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 3/59/2025/റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10 ൽ സർവ്വേ 1/1 ൽ പെട്ട 08.09 ആർ സർക്കാർ പുറമ്പോക്കായ പുതുവൈപ്പ് വില്ലേജിലെ ലൈറ്റ്ഹൗസിനോട് ചേർന്നുള്ള തീരഭൂമി, കേരളതീര നിരീക്ഷണത്തിനായി റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഇന്ത്യൻ കോസ്റ്റ് ഗാർഡിന് 30 വർഷത്തേയ്ക്ക് സൗജന്യ നിരക്കിൽ (ആർ ഒന്നിന് 100/- രൂപ) പാട്ടത്തിന് അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07/12/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ.അനു.എസ്.നായർ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്യം |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/12/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/12/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22/12/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23/12/2025. |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10 ൽ സർവ്വേ 1/1 ൽ പെട്ട 08.09 ആർ സർക്കാർ പുറമ്പോക്കായ പുതുവൈപ്പ് വില്ലേജിലെ ലൈറ്റ്ഹൗസിനോട് ചേർന്നുള്ള തീരഭൂമി, കേരളതീര നിരീക്ഷണത്തിനായി റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി ഇന്ത്യൻ കോസ്റ്റ് ഗാർഡിന് 30 വർഷത്തേയ്ക്ക് സൗജന്യ നിരക്കിൽ (ആർ ഒന്നിന് 100/- രൂപ ) പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ് .

2. കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10 ൽ സർവ്വേ 1/1 ൽ പെട്ട 08.09 ആർ സർക്കാർ പുറമ്പോക്ക് ഭൂമി കേരളതീര നിരീക്ഷണത്തിനായി റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പുതുവൈപ്പ് വില്ലേജിലെ ലൈറ്റ്ഹൗസിനോട് ചേർന്നുള്ള തീരഭൂമി കോസ്റ്റ് ഗാർഡ് പേരിൽ അനുവദിച്ച് നൽകുന്നതിനു ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഡിസ്ട്രിക്റ്റ് കമാൻഡന്റ് അപേക്ഷ സമർപ്പിച്ചിരുന്നു.

3. ടി സ്ഥലം കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജിൽ ബ്ലോക്ക് 10 ൽ സർവ്വേ 1/1 ൽ പെട്ട 08.09 ആർ വസ്തുവാണെന്നും ഇത് പുതുവൈപ്പ് ജംഗ്ഷനിൽ നിന്നും ഉദ്ദേശം ഒന്നര കിലോമീറ്റർ പടിഞ്ഞാറ് മാറി തെക്ക് വടക്കായി സ്ഥിതി ചെയ്യുന്ന റോഡിന് പടിഞ്ഞാറ് ഭാഗത്തായും, പുതുവൈപ്പ് വില്ലേജിൽ സ്ഥിതി ചെയ്യുന്ന ലൈറ്റ്ഹൗസിൽ നിന്നും ഏകദേശം 50 മീറ്റർ വടക്ക് മാറിയും സ്ഥിതി ചെയ്യുന്നു. ഇതിൽ ചമയങ്ങളായി യാതൊന്നും ഇല്ല. അതിരുകളിലായി കിഴക്ക് പഞ്ചായത്ത് റോഡ്, വടക്ക് റീസർവ്വേ 1/1 ൽ പ്പെട്ട സർക്കാർ പുറമ്പോക്ക്,പടിഞ്ഞാറ് കൊച്ചി തുറമുഖ ട്രസ്റ്റ് വക സെസ്സ് റോഡ്, തെക്ക് സിവിൽ സപ്ലൈസ് വകുപ്പിന് അനുവദിച്ച 20.24 ആർ വസ്തുവാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. വസ്തുവിന്റെ ന്യായവില ആർ ഒന്നിന് 7,92,000/- (ഏഴ് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം രൂപ മാത്രം) രൂപ നിരക്കിൽ 08.09 ആർ ഭൂമിക്ക് ആകെ ന്യായവില 64,07,280/- (അറുപത്തി നാല് ലക്ഷത്തി ഏഴായിരത്തി ഇരുനൂറ്റി എൺപത് രൂപാ മാത്രം) കണക്കാക്കാവുന്നതാണെന്നും അപേക്ഷാ ഭൂമി നെൽവയൽ തണ്ണീർ തടങ്ങൾ. ജലസ്രോതസ്സുകൾ, തീരങ്ങൾ, സംരക്ഷിത സ്മാരകങ്ങൾ, വികസന സോണുകൾ, പാരിസ്ഥിതിക ദുർബല /സംവേദക മേഖലകൾ, വനങ്ങൾ, പാറ ധാതു ഖനനത്തിനു പാട്ടത്തിനു നൽകിയതുമൂലം ഗർത്തങ്ങളും, വെള്ളക്കെട്ടുകളും, രൂപപ്പെട്ടിട്ടുള്ള ഭൂമി എന്നിവയിൽ ഉൾപ്പെട്ട വരുന്നില്ലെന്നും പ്രസ്തുത ഭൂമി CRZ-II കാറ്റഗറിയിൽ ഉൾപെട്ട വരുന്നു. കമ്പോളവില ഈടാക്കാതെ കേന്ദ്രസർക്കാരിന് ഭൂമി കൈമാറുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശവും, നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നതാണെന്നും ഉപയോഗാനുമതിയും കൈവശവും മാത്രമാണ് കൈമാറ്റം ചെയ്യപ്പെടുന്നതെന്നും പ്രസ്തുത സാഹചര്യത്തിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡിന് റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്ന ആവശ്യത്തിലേയ്ക്ക്

മാത്രമായി ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി കമ്പോളവില ഈടാക്കാതെ ഉപയോഗാനുമതി മാത്രം നൽകാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

5. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

ഇന്ത്യൻ കോസ്റ്റ്ഗാർഡിന് റഡാർ സ്റ്റേഷൻ സ്ഥാപിയ്ക്കുന്നതിന് ഭൂമി സൗജന്യ നിരക്കിൽ അനുവദിക്കുന്നത് റവന്യൂ നഷ്ടത്തിന് കാരണമാകുന്നതിനാൽ കോസ്റ്റ് ഗാർഡിന് റഡാർ സ്റ്റേഷൻ സ്ഥാപിയ്ക്കുന്നതിന് ഭൂമി സൗജന്യ നിരക്കിൽ പാട്ടത്തിനു നൽകണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്നും കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്ക് ഭൂമി പാട്ടത്തിന് അനുവദിക്കുമ്പോൾ ഈടാക്കേണ്ട കമ്പോളവിലയുടെ 3% നിരക്കിൽ പാട്ടതുക ഈടാക്കി, ഭൂമി അന്യാധിനപ്പെടാതിരിക്കാൻ വ്യക്തമായ പാട്ടവ്യവസ്ഥകൾ ഉൾപ്പെടുത്തി പാട്ടത്തിന് നല്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരമുണ്ട്.

6. രാജ്യ സുരക്ഷയുമായി ബന്ധപ്പെട്ടുള്ള ആവശ്യമായതിനാൽ ,പൊതു താല്പര്യം മുൻനിർത്തി ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് എറണാകുളം ജില്ലയിൽ കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10 ൽ സർവ്വേ 1/1 ൽ പെട്ട 08.09 ആർ സർക്കാർ പുറമ്പോക്ക്, പുതുവൈപ്പ് വില്ലേജിലെ ലൈറ്റ്ഹൗസിനോട് ചേർന്നുള്ള തീരഭൂമിയ്ക്ക്, കേരളതീര നിരീക്ഷണത്തിനായി റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി ഇന്ത്യൻ കോസ്റ്റ് ഗാർഡിന് 30 വർഷത്തേയ്ക്ക് സൗജന്യ നിരക്കായ ആർ ഒന്നിന് 100/- രൂപ നിരക്കിൽ പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ഉത്തരവിനായി ബഹു. റവന്യൂ മന്ത്രി മുഖേന ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10 ൽ സർവ്വേ 1/1 ൽ പെട്ട 08.09 ആർ സർക്കാർ പുറമ്പോക്ക്, പുതുവൈപ്പ് വില്ലേജിലെ ലൈറ്റ്ഹൗസിനോട് ചേർന്നുള്ള തീരഭൂമി, കേരളതീര നിരീക്ഷണത്തിനായി റഡാർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഇന്ത്യൻ കോസ്റ്റ് ഗാർഡിന് 30 വർഷത്തേയ്ക്ക് സൗജന്യ നിരക്കായ ആർ ഒന്നിന് 100/- രൂപ വാർഷിക പാട്ടനിരക്കിൽ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് അനുവദിക്കാമോ?

## നിബന്ധനകൾ

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ .

ii)ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന്/ തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv)ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

vii) പാട്ടതുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ് .

viii) നിർമ്മാണ പ്രവർത്തികൾ CRZ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .